"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-എഞ്ചിനിയറിംഗ് വിഭാഗം-ജീവനക്കാര്യം-ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ മൂന്നാം ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. വിഷ്ണുദാസ് എച്ച്. (PEN 892192)-നെ കൈക്കൂലി വാങ്ങുമ്പോൾ വിജിലൻസ് ട്രാപ് കേസിൽ അറസ്റ്റ് ചെയ്യുകയും 14 ദിവസം ജൂഡിഷ്യൽ കസ്റ്റഡിയിലാവുകയും ചെയ്തതിനെത്തുടർന്ന് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.3103/2025/LSGD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:- 1. വിജിലൻസ് DySP, ഇടുക്കി യൂണിറ്റിന്റെ 23.12.25-ലെ VC-16/25/IDK നമ്പർ കത്ത്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23-12-2025-ലെ LSGD/PD/40431/2025-VIGB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ മൂന്നാം ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ.വിഷ്ണുദാസ്.എച്ച്.(PEN: 892192) ആവലാതിക്കാരനായ ശ്രീ.അനീഷ് കുമാർ.കെ ഇടുക്കി ജില്ലയിൽ, ചതുരങ്കപ്പാറ വില്ലേജിൽ, ശാന്തരുവി ഭാഗത്ത് വാങ്ങിയ വസ്തുവിലെ ഏലം സ്റ്റോർ വിപുലപ്പെടുത്തുന്നതിന് 2024-ൽ ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ കെട്ടിടം പണി പൂർത്തിയായപ്പോൾ കെട്ടിടം പരിശോധിച്ച് ഉടുമ്പൻചോല പഞ്ചായത്തിൽ കെട്ടിട നികുതി അടയ്ക്കുന്ന കാര്യങ്ങൾ ഓവർസിയർ ശ്രീ.വിഷ്ണുദാസ് എച്ച് (PEN 892192) ചെയ്തു കൊടുക്കാമെന്ന് പറഞ്ഞ് ആവലാതിക്കാരനോട് 50,000/- രൂപ കൈക്കൂലിയായി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് വിജിലൻസ് രജിസ്റ്റർ ചെയ്ത VC-16/25/IDK നമ്പർ കേസിൽ 20.12.25- ൽ വൈകുന്നേരം 5 മണിയ്ക്ക് അറസ്റ്റിലാവുകയും തുടർന്ന് ടിയാനെ ബഹു.മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കുകയും ബഹു.കോടതി 21.12.2025 മുതൽ 14 ദിവസകാലത്തേക്ക് ജൂഡിഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചു വരുന്നതായും പരാമർശം (1) പ്രകാരം വിജിലൻസ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യം സർക്കാരിനെ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാതിക്കാരനിൽ നിന്നും കൈക്കൂലി വാങ്ങിയ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ മൂന്നാം ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ.വിഷ്ണുദാസ് എച്ച്.-ന്റെ നടപടി അഴിമതിയും ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണെന്ന് സർക്കാർ കാണുന്നു. ആയതിനാൽ ടിയാൻ ജൂഡീഷ്യൽ കസ്റ്റഡിയിലായ 20.12.25 പ്രാബല്യത്തിൽ ടിയാളെ 1960ലെ

കെ.സി.എസ്(സി.സി&എ)റൂൾസിലെ ചട്ടം 10(3), 10(1) പ്രകാരം അന്വേഷണ വിധേയമായി, അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് KSR Part I Rule 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1) ശ്രീ. വിഷ്ണുദാസ് എച്ച്. മൂന്നാം ഗ്രേഡ് ഓവർസിയർ,ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് (PEN 892192) (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
3) വിജിലൻസ് വകുപ്പ്.
4) വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം.
5) തദ്ദേശ സ്വയംഭരണ[ഇഡബ്ല്യബി ) വകുപ്പ്,
6) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
7) വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
8) കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-12-2025 13:18:13
സെക്ഷൻ ഓഫീസർ